വസൂൽചെയ്യുന്നതിന് ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനെ അധികാരപ്പെടുത്തിക്കൊണ്ടുള്ള ഉത്തരവ് പിൻവലിക്കാൻ നടപടികൾ സ്വീകരിക്കുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി സുശീലാ ഗോപാലൻ) :

(എ) ഉണ്ട്. സംസ്ഥാനത്തെ അനാഥാശാലകൾക്ക് സർക്കാർ നൽകിവരുന്ന പ്രതിമാസ ഗ്രാന്റ് തുക തികച്ചും അപര്യാപ്തമാണെന്നും ഗ്രാന്റ് തുകയും അനാഥശാലകളുടെ അംഗസംഖ്യയും വർദ്ധിപ്പിക്കണമെന്നും കുടിശ്ശിക ഗ്രാന്റ് തുക നൽകണമെന്നും അനാഥശാലകളെ ആഡിറ്റ് ഫീസ് നൽകുന്നതിൽനിന്നും ഒഴിവാക്കണമെന്നും എസ്.എസ്.എൽ.സി. പാസ്സായിട്ടുള്ള കുട്ടികൾക്ക് തുടർ വിദ്യാഭ്യാസത്തിന് അംഗീകൃത സ്ഥാപനങ്ങളിൽ പ്രവേശനം ലഭിക്കാത്ത സാഹചര്യത്തിൽ ഗ്രാന്റ് തുക തുടർന്നും നൽകണമെന്നും ജില്ലാതല കായികമേളകൾക്ക് ധനസഹായം അനുവദിക്കണമെന്നും മറ്റുമുള്ള ആവശ്യങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മുൻവർഷങ്ങളിലെ കുടിശ്ശികയുൾപ്പെടെയുള്ള ഗ്രാന്റ് തുക 1999 മാർച്ചിൽ നൽകി കഴിഞ്ഞു. ഗ്രാന്റ് തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാരിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് തൽക്കാലം അനുവദിക്കാൻ നിവൃത്തിയില്ല. അനാഥശാലകളിലെ അംഗസംഖ്യ വർദ്ധിപ്പിക്കുന്നകാര്യം തീരുമാനിക്കുന്നതിനുമുമ്പ് ഇപ്പോൾ യഥാർത്ഥത്തിലുള്ള അംഗസംഖ്യ തീർച്ചപ്പെടുത്തിയതിനുശേഷം ആവശ്യമായ നിർദ്ദേശങ്ങൾ സർക്കാരിനു സമർപ്പിക്കുവാൻ സമൂഹ്യക്ഷേമ ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥാനതല കായികമേളയ്ക്ക് പ്രതിവർഷം ഒരു ലക്ഷം രൂപാ അനുവദിച്ചിട്ടുണ്ട്. ജില്ലാതല കായികമേളകൾക്ക് ഓരോ ജില്ലയ്ക്കും പതിനായിരം രൂപാവീതം അനുവദിക്കുന്ന കാര്യം സർക്കാരിന്റെ പരിശോധനയിലാണ്.

അനാഥാലയങ്ങളെ ആഡിറ്റ് ഫീസ് നൽകുന്നതിൽനിന്നും ഒഴിവാക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

എസ്.എസ്.എൽ.സി. പാസ്സായിട്ടും അംഗീകൃതസ്ഥാപനങ്ങളിൽ തുടർ വിദ്യാഭ്യാസത്തിന് പ്രവേശനം ലഭിക്കാത്ത കുട്ടികൾക്ക് മറ്റ് സ്ഥാപനങ്ങളിൽ തുടർന്നും പഠിക്കുന്നതിന് ഗ്രാന്റ് നൽകുന്നകാര്യവും സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) അന്തേവാസികളുടെ പ്രതിമാസ ഗ്രാന്റ് വർദ്ധിപ്പിക്കുന്ന കാര്യം തൽക്കാലം പരിഗണനയിലില്ല. സംസ്ഥാന ഓർഫനേജ് ഫെസ്റ്റിന് അനുവദിച്ചിട്ടുള്ള ഒരു ലക്ഷം രൂപയ്ക്കു പുറമേ ജില്ലാതല ഓർഫനേജ് ഫെസ്റ്റിന് ഓരോ ജില്ലയ്ക്കും പതിനായിരം രൂപാ വീതം അനുവദിക്കണമെന്നുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) പരിഗണനാർഹമായ ഒരു നിർദ്ദേശമാണിത്.

(ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

21 (*141) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വാർഡ് വിഭജനം

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് :
ശ്രീ. എ.സി. ഷൺമുഖദാസ് :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ ബ്ലോക്ക് ഗ്രാമ പഞ്ചായത്തുകളിലേക്കും, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, കൗൺസിലുകളിലേക്കും പൊതു തെരഞ്ഞെടുപ്പിനുള്ള എന്തെല്ലാം നടപടികളാണ് ഇപ്പോൾ തുടങ്ങിയിട്ടുള്ളത്;

(ബി) വിവിധ പഞ്ചായത്തുകളിലേയും നഗരസഭകളിലേയും വാർഡ് വിഭജനം സംബന്ധിച്ച നടപടികൾ എന്ന് പൂർത്തിയാക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്;

(സി) ഇതു സംബന്ധിച്ച് കേരളത്തിലെ വിവിധ കോടതികളിൽ കേസ്സുകൾ നിലവിലുണ്ടോ; എങ്കിൽ എത്ര കേസ്സുകൾ എന്ന് വെളിപ്പെടുത്തുമോ;

(ഡി) തെരഞ്ഞെടുപ്പിന്റെ മുന്നോടിയായി വോട്ടർ പട്ടിക പുതുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ എന്ന് വെളിപ്പെടുത്തുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. പാലൊളി മുഹമ്മദ്കുട്ടി) :

(എ)&(ബി)പ്രാരംഭ നടപടികൾ പൂർത്തിയാക്കിക്കഴിഞ്ഞതായും വാർഡ് വിഭജനം, സംവരണ വാർഡുകൾ നിശ്ചയിക്കുക, പോളിംഗ് ബൂത്തുകൾ നിശ്ചയിക്കുക, വോട്ടർപട്ടിക പുതുക്കുക തുടങ്ങിയ നടപടികളാണ് പൂർത്തീകരിക്കാനുള്ളതെന്നും 2000-ാമാണ്ട് ജൂലൈ മാസത്തോടെ എല്ലാ നടപടികളും പൂർത്തീകരിക്കാമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഉപതെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

(സി) വാർഡു വിഭജനം സംബന്ധിച്ചും മറ്റും ഫയൽ ചെയ്തിരുന്ന കേസ്സുകളെല്ലാം കോടതി തള്ളിക്കളഞ്ഞതായി തെരഞ്ഞെടുപ്പു കമമീഷൻ അറിയിച്ചിട്ടുണ്ട്.

(ഡി) 1.1.2000 വച്ച് വോട്ടർപട്ടിക പുതുക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും എന്യൂമറേഷൻ നടത്തി വോട്ടർപട്ടിക തയ്യാറാക്കണമോ അതോ 1.1.2000 വച്ച് കേന്ദ്ര തെരഞ്ഞെടുപ്പു കമ്മീഷൻ തയ്യാറാക്കിയ വോട്ടർപട്ടിക ആവശ്യമായ ഭേദഗതികൾ വരുത്തി സ്വീകരിച്ചാൽ മതിയോ എന്ന് തീരുമാനിച്ചിട്ടില്ലെന്നും ഗ്രാമപഞ്ചായത്തുകളുടെ വാർഡ് വിഭജനം അന്തിമമായി തീർപ്പാക്കുന്നതോടെ മാത്രമേ ആ കാര്യം തീരുമാനിക്കാൻ സാധിക്കുകയുള്ളൂ എന്നും തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചിട്ടുണ്ട്.

22 (*142) കേരള മിനറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ വികസനം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എഴുകോൺ നാരായണൻ :
ഡോ. എം.എ. കുട്ടപ്പൻ :
ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മിനിറൽസ് ആന്റ് മെറ്റൽസ് കമ്പനിയുടെ വികസനം സംബന്ധിച്ച പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഈ പദ്ധതികളുടെ മൊത്തം ചെലവ് കണക്കാക്കിയിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly